LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ കോളേജുകൾ

12(1086) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വയംഭരണ കോളേജുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോളേജുകൾ കൊണ്ടുള്ള നേട്ടം എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 13.

(ബി) സ്വയംഭരണ പദവി ലഭിച്ച കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവത്ക്കരിക്കാനും, പരിഷ്കരിക്കാനും അധികാരമുണ്ട്. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

13 (1087) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങൾ നടത്തിവരുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ എത്രയാണ്; അവയിൽ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകൾ ഏതൊക്കെ ; ഏതെല്ലാം ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്നു ;

(ബി) ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്ന സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ വിദ്യർത്ഥി പ്രവേശനം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നുതന്നെയാണോ നടത്തുന്നത് ;

(സി) കഴിഞ്ഞ വർഷവും ഈ വർഷവും ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തിവന്ന സ്വാശ്രയ കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുണ്ടായി ;

(ഡി) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കാതെ ഇതരവിഭാഗത്തിൽ നിന്നുള്ളവരുടെ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ശേഖരിച്ച് വിശദീകരിക്കുമോ ?